**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3465 — 22.08.2017 ൽ മറുപടിക്ക്

വൈക്കം താലൂക്ക് ഗവൺമെന്റ് ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീമതി സി.കെ. ആശ : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച വൈക്കം താലൂക്ക് ഗവൺമെന്റ് ആശുപത്രിയുടെ വികസന പദ്ധതി സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികളുടെ പട്ടികയിൽ വൈക്കം താലൂക്ക് ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി ലാബ് ടെക്നീഷ്യന്റെ ഒരു തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രികളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി മുൻഗണന നൽകിയ ആശുപത്രികളുടെ പട്ടികയിൽ വൈക്കം താലൂക്ക് ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 50 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു . |
| (ബി) | വൈക്കം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കുമോ; | (ബി) & (സി) | ഇപ്പോൾ പരിഗണയിലില്ല. |
| (സി) | ഡയാലിസിസ് യൂണിറ്റന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | പ്രസ്തുത ആശുപത്രിയിൽ ഇപ്പോൾ ഏതെല്ലാം പദ്ധതിയിൽപ്പെട്ട നിർമ്മാണ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ടി ആശുപത്രി കോമ്പൗണ്ടിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ